## പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2904 **18.08.2017 - ലെ മറുപടിയ്ക്ക്**

### ഗൃഹശ്രീ പദ്ധതി

ചോദ്യം
ശ്രീ. രാജു എബ്രഹാം

ഉത്തരം
ശ്രീ. ഇ. ചന്ദ്രശേഖരൻ
(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ദുർബല ജന വിഭാഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ചു നൽകുന്ന ഭവന നിർമ്മാണ ബോർഡിന്റെ ഗൃഹശ്രീ പദ്ധതി പ്രകാരം, കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | കഴിഞ്ഞ യുഡിഎഫ് സർക്കാരിന്റെ കാലത്ത് 30/04/2016 - വരെയുള്ള കാലയളവിൽ ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2013-14 വർഷത്തിൽ 525 പേർക്കും 2014-15 വർഷത്തിൽ 472 പേർക്കും 2015-16 വർഷത്തിൽ 221 പേർക്കും സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിരവധി അനർഹരെ ഉൾപ്പെടുത്തുകയും സബ്സിഡി തുക ഇടത്തട്ടുകാർ തട്ടിയെടുക്കുകയും ചെയ്തു എന്ന ആക്ഷേപം ശരിയാണോയെന്ന് വെളിപ്പെടുത്താമോ ; | (ബി) | ഗൃഹശ്രീ പദ്ധതിയുടെ സർക്കാർ അംഗീകൃത നിബന്ധനകൾ കൃത്യ മായും പാലിച്ചുകൊണ്ട് മാത്രമാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം അനുവദിച്ച് വരുന്നത്. കൂടാതെ നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലുതവണകളായി ഗഡുക്കൾ ലഭിക്കുന്നതിനും ഭവന നിർമ്മാണ ബോർഡ് നിഷ്കർഷി ച്ചിട്ടുള്ള രേഖകളും ഹാജരാക്കേണ്ട തുണ്ട്. ടി നിബന്ധനകൾക്ക് വിധേയ മായി ആനുകൂല്യം അനുവദിച്ചു വരുന്നതിനാൽ അനർഹരെ ഉൾപ്പെ |

| | | | |
|---|---|---|---|
| | | | ടുത്തി ഇടത്തട്ടുകാർ സബ്സിഡി തുക തട്ടിയെടുക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഗൃഹശ്രീ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് തുക അനുവദിക്കപ്പെട്ടിട്ടുള്ളവരുടെ വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഭവന നിർമ്മാണ ബോർഡ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | ഗൃഹശ്രീ പദ്ധതി പ്രകാരം നിർമ്മാണ പുരോഗതി കണക്കിലെടുത്ത് നാലു ഘട്ടങ്ങളിലായാണ് ഗഡുക്കൾ അനുവദിക്കുന്നത്. നാലാം ഗഡു അനുവദിക്കുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള വിസ്തീർണ്ണത്തിൽ ഭവനത്തിന്റെ മേൽക്കൂര വാർത്ത് ഫിനിഷിംഗ് ജോലികൾ ആരംഭിക്കുന്നതോടൊപ്പം, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള തീപിടുത്തത്തിനും, പ്രകൃതിക്ഷോഭത്തിനും എതിരെ പരിരക്ഷ നൽകുന്ന ഇൻഷുറൻസ് സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. എന്നാൽ വീടുകളുടെ നിർമ്മാണം പൂർത്തിയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ 4-ാം ഗഡു അനുവദിച്ചതിനുശേഷം ബോർഡിൽ നിന്നും തുടർ നടപടികൾ സ്വീകരിക്കേണ്ടതില്ലാത്തതിനാൽ ഈ വിഷയത്തിൽ അന്വേഷണമൊന്നും നടത്തിയിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ